# പത്ര കുറിപ്പ്

1st July, 2026

തൃശ്ശൂരിലെ ആശുപത്രികളിൽ തുടരുന്ന നഴ്സുമാരുടെ സമരവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ആരോഗ്യ വകുപ്പ് മന്ത്രിയുടെയും തൊഴിൽ വകുപ്പ് മന്ത്രിയുടെയും നേതൃത്വത്തിൽ തിരുവനന്തപുരം സെക്രട്ടേറിയറ്റിൽ ഇന്ന് ഉന്നതതല യോഗം ചേർന്നു. സമരവുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യവും അതിന്റെ പ്രത്യാഘാതങ്ങളും വിലയിരുത്തുകയും, പ്രശ്നത്തിന് എത്രയും വേഗം സൗഹാർദ്ദപരവും ശാശ്വതവുമായ പരിഹാരം കണ്ടെത്തുകയുമായിരുന്നു യോഗത്തിന്റെ പ്രധാന ലക്ഷ്യം.

യോഗത്തിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെയും മാനേജ്മെന്റ് പ്രതിനിധികൾ, KPHA, AHPI, പോലുള്ള മറ്റു ഹോസ്പിറ്റൽ മാനേജ്മന്റ് അസോസിയേഷൻ പ്രതിനിധികൾ യുണൈറ്റഡ് നഴ്സസ് അസോസിയേഷൻ (UNA) പ്രതിനിധികൾ, മറ്റ് നേഴ്സിങ് ഇതര സംഘടനകളുടെ പ്രതിനിധികൾ, ബന്ധപ്പെട്ട സർക്കാർ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

പ്രശ്നപരിഹാരത്തിൽ ആത്മാർത്ഥമായ താൽപര്യവും ശുഭാപ്തിവിശ്വാസവും പ്രകടിപ്പിച്ചുകൊണ്ടാണ് മാനേജ്മെന്റ് പ്രതിനിധികൾ ചർച്ചകളിൽ പങ്കെടുത്തത്. എല്ലാ വിഭാഗങ്ങൾക്കും തങ്ങളുടെ നിലപാടുകളും ആശങ്കകളും ആവശ്യങ്ങളും വിശദമായി അവതരിപ്പിക്കാൻ അവസരം ലഭിച്ചു. രോഗികളുടെ ചികിത്സയും ആശുപത്രി സേവനങ്ങളും തടസ്സപ്പെടാതെ മുന്നോട്ടുപോകേണ്ടതിന്റെ പ്രാധാന്യവും യോഗത്തിൽ പ്രത്യേകം ചർച്ച ചെയ്യപ്പെട്ടു.

നഴ്സുമാരുടെ വേതനത്തിൽ ഗണ്യമായ വർധനവ് വേണമെന്ന ആവശ്യം യു.എൻ.എ. പ്രതിനിധികൾ മുന്നോട്ടുവച്ചു. ഇതിന് മറുപടിയായി, സർക്കാർ പ്രഖ്യാപിക്കാനിരിക്കുന്ന മിനിമം വേതന നിരക്ക് നിലവിൽ വരുന്നതിന് മുമ്പ് വേതനവർധനവ് നടപ്പാക്കുന്നത് പ്രായോഗികമല്ലെന്നും അത് ദീർഘകാലാടിസ്ഥാനത്തിൽ പ്രശ്നത്തിന് പരിഹാരമാകില്ലെന്നും മാനേജ്മെന്റ് വ്യക്തമാക്കി. എല്ലാ ആശുപത്രികൾക്കും ഒരുപോലെ ബാധകമായ സർക്കാർ മിനിമം വേതന നിരക്ക് എത്രയും വേഗം പ്രഖ്യാപിക്കപ്പെടുന്നതാണ് ഈ വിഷയത്തിൽ നീതിപൂർവവും സ്ഥിരതയാർന്നതുമായ പരിഹാരമെന്നും മാനേജ്മെന്റ് യോഗത്തിൽ ശക്തമായി അഭിപ്രായപ്പെട്ടു.

ചർച്ചകൾ സൗഹാർദ്ദപരവും ക്രിയാത്മകവുമായ അന്തരീക്ഷത്തിലാണ് നടന്നത്. സർക്കാർ മിനിമം വേതന നിരക്ക് എത്രയും വേഗം പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രിമാർ ഉറപ്പുനൽകി. സർക്കാരിൻ്റെ ഈ സമീപനത്തെ മാനേജ്മെന്റ് പ്രതിനിധികൾ സ്വാഗതം ചെയ്തു. പൊതുജനങ്ങളുടെ ആരോഗ്യപരിപാലനവും രോഗികളുടെ ചികിത്സയും യാതൊരു വിധത്തിലും തടസ്സപ്പെടാതിരിക്കാൻ സമരം അവസാനിപ്പിച്ച് ഉടൻ ജോലിയിൽ തിരിച്ചുചേരണമെന്ന് യു.എൻ.എ. പ്രതിനിധികളോട് മന്ത്രിമാർ അഭ്യർത്ഥിച്ചു. സർക്കാർ പ്രഖ്യാപനം ഉടൻ ഉണ്ടാകുമെന്ന ഉറപ്പോടെയാണ് യോഗം പ്രത്യാശാജനകമായ അന്തരീക്ഷത്തിൽ സമാപിച്ചത്.

**പി. ആർ. ഓ.**

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസേർച് ഇൻസ്റ്റിറ്റ്യൂട്ട്